# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 149 | 30/11/2015 ൽ മറുപടിക്ക് |
|---|---|

**ബാർ കോഴ കേസ്സിലെ നിയമോപദേശം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.കെ.രാജു<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീ.മുല്ലക്കര രത്നാകരൻ | | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ബാർകോഴ കേസ്സിൽ സുപ്രീം കോടതിയിൽ സ്വകാര്യ അഭിഭാഷകരിൽ നിന്നും നിയമോപദേശം തേടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം അഭിഭാഷകരിൽ നിന്നും ആണ് നിയമോപദേശം തേടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സുപ്രീം കോടതിയിലെ താഴെപ്പറയുന്ന സ്വകാര്യ അഭിഭാഷകരിൽ നിന്നും നിയമോപദേശം തേടിയിട്ടുണ്ട്.<br><br>1.ശ്രീ.മോഹൻ പരാശരൻ<br>സുപ്രീം കോടതിയിലെ സീനിയർ അഡ്വക്കേറ്റും ഇന്ത്യയുടെ മുൻ സോളിസിറ്റർ ജനറലും<br><br>2.ശ്രീ.എൽ.നാഗേശ്വര റാവു<br>സുപ്രീം കോടതിയിലെ സീനിയർ അഡ്വക്കേറ്റും ഇന്ത്യയുടെ മുൻ അഡീഷണൽ സോളിസിറ്റർ ജനറലും |
| (ബി) ഇത്തരം നിയമോപദേശം ആവശ്യപ്പെട്ടുകൊണ്ട് നിയമവകുപ്പിന്റെയോ, അഡ്വക്കേറ്റ് ജനറലിന്റെയോ ശുപാർശ ഉണ്ടായിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) നിയമോപദേശം നൽകിയ സുപ്രീം കോടതിയിലെ സ്വകാര്യ അഭിഭാഷകർക്ക് പ്രതിഫലമായി എത്ര തുക നൽകാനാണ് തീരുമാനിച്ചിട്ടുള്ളത് ; ഈ തുക നൽകുന്നതു സംബന്ധിച്ച വിജിലൻസ് ശുപാർശയിന്മേൽ നിയമ വകുപ്പും, ആഭ്യന്തര വകുപ്പും, ധനവകുപ്പും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | (സി) | വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ